പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 246 28.01.2019-ൽ മറുപടിക്ക്

## പാറശ്ശാല ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പാറശ്ശാല ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണം കിഫ്ബിയുടെ സഹായത്തോടെ നിർവ്വഹിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പാറശ്ശാല സർക്കാർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണത്തിന് സമർപ്പിച്ച ശുപാർശ പരിശോധിച്ചുവരുന്നു. |
| (ബി) | കേരള-തമിഴ്നാട് അതിർത്തിയോട് ചേർന്ന സ്ഥിതിചെയ്യുന്ന പാറശ്ശാല ഗവ.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | പാറശ്ശാല സർക്കാർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ രക്ത/രക്ത ഘടക സംഭരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് രക്ത ബാങ്ക് സ്ഥാപിക്കുന്നത്. ഇപ്പോൾ പാറശ്ശാല ആശുപത്രിയിൽ പ്രതിവർഷം 500 യൂണിറ്റ് രക്തമാണ് ആവശ്യമായി വരുന്നത്. ഇത് തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്നും സംഭരിച്ചാണ് രോഗികൾക്ക് നൽകുന്നത്. ഇതിനായി ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ഈ ആശുപത്രിയിൽ ആവശ്യമായി വരുന്ന സമയത്ത് മാത്രമേ രക്തബാങ്ക് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ